**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4635** **19-07-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര ഡാമിന്റെ സംഭരണ ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണ്ണും മണലും ചെളിയും അടിഞ്ഞുകൂടിയത് കാരണം അരുവിക്കര ഡാമിന്റെ സംഭരണശേഷി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. അരുവിക്കര ഡാമിൽ നിന്ന് മണ്ണും മണലും ചെളിയും നീക്കം ചെയ്യുന്ന പദ്ധതിയുടെ (ഡീസിൽറ്റേഷൻ) ചുമതല കേരള വാട്ടർ അതോറിറ്റിയെയാണ് ഏൽപ്പിച്ചിരുന്നത്. ഇതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തിയുടെ DPR തയാറാക്കുന്നതിന് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ദർഘാസ് പരസ്യപ്പെടുത്തി. എന്നാൽ പ്രസ്തുത ദർഘാസ് പരസ്യത്തിന് പങ്കാളിത്തമില്ലാത്തതിനാൽ 30/05/2022-ൽ ചേർന്ന ഹൈ ലെവൽ എംപവെർഡ് കമ്മിറ്റി യോഗ തീരുമാനപ്രകാരം അരുവിക്കര ഡാം ഡീസിൽറ്റേഷൻ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലെപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ KIIDC ഡീസിൽറ്റേഷന്റെ മുന്നോടിയായുള്ള സർവ്വേ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്. |
| (ബി) | എങ്കിൽ സംഭരണ ശേഷി പുനഃസ്ഥാപിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | ഉണ്ട്. അരുവിക്കര ഡാമിൽ നിന്ന് മണ്ണും മണലും ചെളിയും നീക്കം ചെയ്യുന്ന പദ്ധതിയുടെ (ഡീസിൽറ്റേഷൻ) ചുമതല കേരള വാട്ടർ അതോറിറ്റിയെയാണ് ഏൽപ്പിച്ചിരുന്നത്. ഇതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തിയുടെ DPR തയാറാക്കുന്നതിന് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ദർഘാസ് പരസ്യപ്പെടുത്തി. എന്നാൽ പ്രസ്തുത ദർഘാസ് പരസ്യത്തിന് പങ്കാളിത്തമില്ലാത്തതിനാൽ 30/05/2022-ൽ ചേർന്ന ഹൈ ലെവൽ എംപവെർഡ് കമ്മിറ്റി യോഗ തീരുമാനപ്രകാരം അരുവിക്കര ഡാം ഡീസിൽറ്റേഷൻ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലെപ്പ്മെന്റ് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ KIIDC ഡീസിൽറ്റേഷന്റെ മുന്നോടിയായുള്ള സർവ്വേ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്. |

സെക്ഷൻ ഓഫീസർ